

വയനാട് വന്യജീവിസങ്കേതത്തിൽ കണ്ടെത്തിയ ഹിന്ദുമനസ് വയനാടെൻസിസ് വിഭാഗത്തിലുള്ള പെൺ, ആൺചിലന്തികളും അനോപ്ലോഡെസ്മസ് വയനാടെൻസിസ് എന്ന പേരിൽ അറിയപ്പെടുന്ന തേരട്ടയും

# വയനാട് വന്യജീവിസങ്കേതത്തിൽ പുതിയ ചിലന്തിയെയും തേരട്ടയെയും കണ്ടെത്തി

**ഇരിങ്ങാലക്കുട:** ക്രൈസ്റ്റ് കോളേജിലെ ജൈവവൈവിധ്യ ഗവേഷണകേന്ദ്രം നടത്തിയ പഠനത്തിൽ വയനാട് വന്യജീവി സങ്കേതത്തിൽ പുതിയ ചിലന്തിയെയും തേരട്ടയെയും കണ്ടെത്തി. വന്യജീവി സങ്കേതത്തിന്റെ പേരിനോട് ബന്ധപ്പെടുത്തി 'ഹിന്ദുമനസ് വയനാടെൻസിസ്' എന്ന പേരാണ് ചിലന്തിക്ക് നൽകിയത്. ചെറിയ അരുവികളുടെ തീരങ്ങളിലുള്ള കുറ്റിക്കാടുകളിലാണ് ഇവ കാണുന്നത്. ഓറഞ്ചുനിറത്തിലുള്ള ആൺചിലന്തിയും ഇളംപച്ച നിറത്തിലുള്ള പെൺചിലന്തിയും ഒറ്റനോട്ടത്തിൽ വെവ്വേറെ ഇനത്തിൽപ്പെട്ടതാണെന്ന് തോന്നും. ഉന്തിനിൽക്കുന്ന നീണ്ട പല്ലുകളോടുകൂടിയ ആൺചിലന്തിയുടെ ഉദരത്തിനു മുകളിൽ കറുത്തവരകളുണ്ട്. കാലുകളിലും ഈ വരകൾ കാണാം. ഇളംപച്ച നിറത്തിലുള്ള പെൺചിലന്തികളുടെ എട്ടു കണ്ണുകളിൽ രണ്ടെണ്ണം വലുതാണ്. കണ്ണുകളുടെ ഭാഗത്തായി വെളുത്ത രോമങ്ങളും കാണാം. പച്ചിലയിൽ ഇരിക്കുന്ന ഇവയെ കണ്ടെത്തുക എളുപ്പമല്ല. മഴക്കാലത്തുമാത്രം പുറമേ കാണുന്ന ഇവ ചെറുപ്രാണികളെയാണ് ഭക്ഷിക്കുന്നത്. ഇന്ത്യയിൽ മാത്രം കാണപ്പെടുന്ന ഒരു പ്രത്യേക ജനുസ്സിൽപ്പെട്ടതായതുകൊണ്ടാണ് ഇതിന് 'ഹിന്ദുമനസ്' എന്ന പേര് നൽകിയിരിക്കുന്നത്. വന്യജീവി സങ്കേതത്തിലെ ഇലപൊഴിയും വനങ്ങളുടെ അടിക്കാടുകളിൽനിന്നാണ് തേരട്ടയെ കണ്ടെത്തിയത്. 'അനോപ്ലോഡെസ്മസ് വയനാടെൻസിസ്' എന്ന് പേര് നൽകിയ ഇവയ്ക്ക് കറുത്ത നിറമാണ്. മുകൾഭാഗം പരന്നതും അടിഭാഗം ഉരുണ്ടതുമായ ഇരുപത് ഖണ്ഡങ്ങൾ കൂടിച്ചേർന്ന ഇവയുടെ ശരീരത്തിന്റെ വശങ്ങളിലായി പുറത്തേക്ക് ഉന്തിനിൽക്കുന്ന മഞ്ഞനിറത്തിലുള്ള ശൽക്കങ്ങൾ കാണാം. വേനലിൽ മണ്ണിനടിയിൽ കഴിയുന്ന ഇവ മഴക്കാലത്താണ് പുറത്തേക്കുവരുന്നത്. ചീഞ്ഞ വസ്തുക്കൾ മാത്രം ഭക്ഷിക്കുന്ന ഇവ രാത്രിയാണ് ഭക്ഷണം തേടുന്നത്. ആൺതേരട്ടയും പെൺതേരട്ടയും ഒരുമിച്ചാണ് കാണപ്പെടുന്നതെന്ന് പഠനങ്ങൾക്ക് നേതൃത്വംനൽകിയ ജൈവ വൈവിധ്യഗവേഷണ കേന്ദ്രം മേധാവി ഡോ. സുധികുമാർ എ.വി. പറഞ്ഞു. പഠനത്തിൽ ഗവേഷണ വിദ്യാർഥികളായ സുധിൻ പി.പി., നഫീൻ കെ.എസ്., പൂജ അനിൽകുമാർ എന്നിവരും പങ്കാളികളാണ്.

Mathrubhumi 23.11.17